# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 17.09.2025**

## പ്രധാനവാർത്തകൾ

1) സ്വസ്ഥ് നാരി സശക്ത് പരിവാർ അഭിയാനും, രാഷ്ട്രീയ പോഷൺ മാസാചരണത്തിനും തുടക്കം കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.
2) അമീബിക് മസ്തിഷ്ക ജ്വരം കേരളത്തിൻറെ ആരോഗ്യ മേഖലയിൽ സൃഷ്ടിക്കുന്ന പ്രതിസന്ധി സംബന്ധിച്ച ഉപക്ഷേപം നിയമസഭ ചർച്ച ചെയ്യ് തള്ളി.
3) ആഗോള അയ്യപ്പസംഗമം സംഘടിപ്പിക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവാദം നൽകിയ ഹൈക്കോടതി ഉത്തരവിൽ ഇടപെടാൻ കഴിയില്ലെന്ന് സുപ്രീംകോടതി.
4) സ്വച്ഛതാ ഹി സേവ ക്യാമ്പയിൻ ഒൻപതാം പതിപ്പിന് രാജ്യത്ത് തുടക്കമായി
5) തദ്ദേശ തിരഞ്ഞെടുപ്പ് ഹരിതചട്ടം പാലിച്ച് നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ചു ചേർത്ത യോഗത്തിൽ തീരുമാനം
6) ലോക അത്ലറ്റിക് ചാമ്പ്യൻഷിപ്പ് ജാവലിൻത്രോയിൽ ഫൈനലിൽ പ്രവേശിച്ച് ഇന്ത്യയുടെ നീരജ് ചോപ്ര.

***************************

RNU TVPM

## പ്രധാനമന്ത്രി -മധ്യപ്രദേശ്

രാഷ്ട്ര പുരോഗതിയുടെ ചാലക ശക്തികളാണ് സ്ത്രീകളെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മധ്യപ്രദേശിലെ ധാറിൽ സ്വസ്ഥ് നാരി സശക്ത് പരിവാർ അഭിയാനും, എട്ടാമത് രാഷ്ട്രീയ പോഷൺ മാസാചരണത്തിനും തുടക്കം കുറിക്കുകയായിരുന്നു പ്രധാനമന്ത്രി. സ്ത്രീകൾക്കും, കുട്ടികൾക്കുമായി, രാജ്യത്തെ ആരോഗ്യ കേന്ദ്രങ്ങളിൽ

ഒരു ലക്ഷത്തിലധികം ആരോഗ്യ ക്യാമ്പുകൾ ഇതോടനുബന്ധിച്ച് അടുത്ത രണ്ടാഴ്ചയ്ക്കിടെ സംഘടിപ്പിക്കും. വിളർച്ച, ക്ഷയരോഗം, മറ്റ് രോഗങ്ങൾ എന്നിവ തുടക്കത്തിലേ കണ്ടെത്തുന്നതിനും, മാതൃ ശിശു ക്ഷേമം ഉറപ്പുവരുത്തുന്നതിനും ഇതിലൂടെ സാധിക്കും. ക്യാമ്പിലെത്തുന്ന സ്ത്രീകൾക്ക് ചികിത്സയും മരുന്നും സൗജന്യമായിരിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

RNU TVPM

****************************

## പിഎം-ജന്മദിനാശംസ

75 -ാം ജന്മദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ഉൾപ്പെടെയുള്ള പ്രമുഖർ. അസാധാരണമായ നേതൃപാടവത്തിലൂടെ കഠിനാധ്വാനത്തിൻറെ ഉന്നത മാതൃകയായി മാറിയ നേതാവാണ് ശ്രീ മോദിയെന്ന് രാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ദീർഘദർശിയായ നേതൃശേഷി ഇന്ത്യയെ ആഗോള തലത്തിൽ മുന്നോട്ട് നയിക്കുന്നതായി ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ ആശംസാ സന്ദേശത്തിൽ കുറിച്ചു.

****************************

## നിയമസഭ- (ഇൻട്രോ)

അമീബിക് മസ്തിഷ്ക ജ്വരം കേരളത്തിൻറെ ആരോഗ്യ മേഖലയിൽ സൃഷ്ടിക്കുന്ന പ്രതിസന്ധികൾ സംബന്ധിച്ച പ്രതിപക്ഷത്തിൻറെ ഉപക്ഷേപം നിയമസഭ ചർച്ച ചെയ്ത് തള്ളി.

രോഗവ്യാപനം തടയാൻ കഴിയാതെ ആരോഗ്യ വകുപ്പ് ഇരുട്ടിൽത്തപ്പുകയാണെന്നായിരുന്നു പ്രതിപക്ഷത്തിൻറെ വിമർശനം. എന്നാൽ , രോഗബാധിതരുടെ ജീവൻ രക്ഷിക്കാൻ സർക്കാർ വലിയ തോതിലുള്ള ഇടപെടൽ നടത്തുന്നതായി ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞു. തുടർച്ചയായ രണ്ടാം ദിവസമാണ് പ്രതിപക്ഷത്തിൻറെ ഉപക്ഷേപം നിയമസഭ, സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുന്നത്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി

(വോയ്സ്)

****************************

**<u>സുപ്രീംകോടതി - അയ്യപ്പസംഗമം</u>**

പമ്പാ തീരത്ത് ഈ മാസം 20 ന് ആഗോള അയ്യപ്പസംഗമം സംഘടിപ്പിക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവാദം നൽകിയ കേരള ഹൈക്കോടതി വിധിയിൽ ഇടപെടാൻ വിസമ്മതിച്ച് സുപ്രീംകോടതി. ചില നിബന്ധനകളോടെ അയ്യപ്പ സംഗമം സംഘടിപ്പിക്കാൻ അനുമതി നൽകിയ വിധിക്കെതിരെ സമർപ്പിച്ച മൂന്ന് ഹർജികൾ ജസ്റ്റിസ് പി എസ് നരസിംഹ ഉൾപ്പെട്ട ബെഞ്ചാണ് പരിഗണിച്ചത്. ഹൈക്കോടതിയുടെ നിർദേശങ്ങൾ കൃത്യമായി പാലിക്കണമെന്നും പരമോന്നത കോടതി നിർദേശം നൽകി. ആഗോള അയ്യപ്പ സംഗമത്തിൽ ലോകമെമ്പാടുമുള്ള 3,000 പ്രതിനിധികളാണ് പങ്കെടുക്കുന്നത്.

PNUTVPM

****************************

**<u>ഹൈക്കോടതി - ശബരിമല</u>**

ശബരിമലയിലെ സ്വർണ്ണപ്പാളിയുടെ ഭാരം കുറഞ്ഞ സംഭവം അന്വേഷിക്കാൻ ഉത്തരവിട്ട് ഹൈക്കോടതി. Chief Vigilance and Security Officer ആണ് സംഭവം അന്വേഷിക്കേണ്ടത്. മുൻകൂർ അനുമതിയില്ലാതെ സ്വർണപാളി ഇളക്കി മാറ്റിയെന്ന സ്പെഷ്യൽ

കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിഷയത്തിൽ സ്വമേധയാ ഇടപെടുകയായിരുന്നു കോടതി.

****************************

## സ്വച്ഛതാ ഹി സേവ ക്യാമ്പയിൻ

സ്വച്ഛതാ ഹി സേവ ക്യാമ്പയിൻ ഒൻപതാം പതിപ്പിന് രാജ്യത്ത് ഇന്ന് തുടക്കമായി. ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 വരെ നീളുന്ന 15 ദിവസത്തെ ക്യാമ്പയിനിലൂടെ ശുചിത്വം, മാലിന്യ സംസ്കരണം തുടങ്ങിയവയുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയാണ് ലക്ഷ്യമിടുന്നത്. ഇതിൻറെ ഭാഗമായി രാജ്യത്തുടനീളം ശുചിത്വ യജ്ഞങ്ങൾ സംഘടിപ്പിക്കും. ക്യാമ്പയിൻറെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ഇന്ന് സ്വച്ഛതാ ഹി സേവ പ്രതിജ്ഞയെടുത്തു.

****************************

## സേവാ പർവ് (ഇൻട്രോ)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയാണ് കഴിഞ്ഞ 11 വർഷമായി കേന്ദ്ര സർക്കാർ മുന്നോട്ടു പോകുന്നത്. ആകാശവാണി അവതരിപ്പിക്കുന്ന പ്രത്യേക പരമ്പര 'സേവ പർവിൽ' പ്രധാനമന്ത്രി നരേന്ദ്രമോദിയെക്കുറിച്ച് നയതന്ത്രവിദഗ്ധൻ ഡോ. മോഹൻ കുമാർ സംസാരിക്കുന്നു. ഇന്ത്യയുടെ വിദേശ നയങ്ങൾ രാജ്യത്തിൻറെ വികസനത്തിന് വലിയ തോതിൽ ഗുണം ചെയ്തിട്ടുണ്ടെന്നും പ്രവാസികളുടെ ക്ഷേമത്തിന് പ്രധാനമന്ത്രി പ്രത്യേക ശ്രദ്ധ നല്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.
(വോയ്സ്)

****************************

## ജി എസ് ടി

രാജ്യത്ത് ഈ മാസം 22 മുതൽ നടപ്പാക്കുന്ന ജി.എസ്.ടി ഘടനാ പരിഷ്കരണം ആരോഗ്യ മേഖലയിൽ വൻ മാറ്റങ്ങൾ സൃഷ്ടിക്കുമെന്ന് കേന്ദ്രസർക്കാർ. 33 ജീവൻ രക്ഷാ മരുന്നുകളുടെ നികുതി പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടാണ് പരിഷ്കരണം.

RNU TVPM

പാൽ, പ്രീ-പാക്കേജ്ഡ് ഭക്ഷ്യവസ്തുക്കൾ തുടങ്ങിയ അവശ്യവസ്തുക്കളെയും ജിഎസ്ടിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്

***************************

## പൊതുതിരഞ്ഞെടുപ്പ് ഹരിതചട്ടം

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് ഹരിതചട്ടം പാലിച്ചും, പരിസ്ഥിതിസൗഹൃദമായും നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ചു ചേർത്ത യോഗത്തിൽ തീരുമാനം. തദ്ദേശസ്വയംഭരണവകുപ്പിലെ വിവിധ ഏജൻസികളുടെ യോഗത്തിൽ ഇതു സംബന്ധിച്ച കർമ്മപരിപാടിക്കും രൂപം നൽകി. പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഒക്ടോബർ 10 വരെ സമർപ്പിക്കാവുന്നതാണ്. തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ ഹരിതചട്ടം പാലിക്കുന്നുവെന്ന് തദ്ദേശസ്വയംഭരണവകുപ്പ്, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, കുടുംബശ്രീ, ഹരിതകർമസേന എന്നിവയുടെ പങ്കാളിത്തത്തോടെ ഉറപ്പ് വരുത്തും.

RNU TVPM

***************************

## ചലോ ജിത്തേ ചിത്ര പ്രദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 75 -ാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി പേരൂർക്കട പി. എം ശ്രീ കേന്ദ്രീയ വിദ്യാലയത്തിൽ, പ്രധാനമന്ത്രിയുടെ ബാല്യകാലം പ്രമേയമാക്കി ചിത്രീകരിച്ച ചലോ ജീത്തേ ഹേ എന്ന ബയോപിക് ഷോർട്ട് ഫിലിമിൻറെ പ്രദർശനം നടന്നു. ശക്തവും വൈകാരികവുമായ സന്ദേശമാണ് ചിത്രം പകർന്നു നൽകുന്നത്.

***************************

## ജോർജ് കുര്യൻ

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ലക്ഷ്യം വികസിത ഭാരതമാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. തിരുവനന്തപുരത്തെ ബിജെപി സംസ്ഥാന ഓഫീസിൽ മീറ്റ് ദി

ലീഡർ പരിപാടിക്ക് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര സർക്കാരിൻ്റെ ക്ഷേമപദ്ധതികളും സേവനങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് എല്ലാ ആഴ്ചയും നടക്കുന്ന പരിപാടിയിൽ കേന്ദ്രമന്ത്രിമാരും, പാർലമെൻറംഗങ്ങളും അടക്കമുള്ള ബിജെപി നേതാക്കൾ പങ്കെടുക്കും.

***************************

**ദേശീയപാത ഗതാഗതക്കുരുക്ക് (INTRO)**

ദേശീയപാതയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി കണ്ണൂർ നഗരത്തിനോട് ചേർന്ന മേലെ ചൊവ്വയിൽ പണിയുന്ന മേൽപ്പാലത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ടെസ്റ്റ് പൈലിങ് പൂർത്തിയായി.
വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.

(വോയ്സ്)

RNUTVPM

***************************

**നീരാജ് ചോപ്ര**

ലോക അത്ലറ്റിക് ചാമ്പ്യൻഷിപ്പ് ജവലിൻത്രോയിൽ ഫൈനലിൽ കടന്ന് ഇന്ത്യൻ താരം നീരജ് ചോപ്ര. ആദ്യ ശ്രമത്തിൽത്തന്നെ 84.85 മീറ്റർ ദൂരം കുറിച്ചാണ് നീരജ് ഫൈനലിലേക്ക് യോഗ്യത നേടിയത്. ഫൈനൽ റൗണ്ട് നാളെ നടക്കും.

***************************

**ഏഷ്യാ കപ്പ്**

ഏഷ്യാ കപ്പ് ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ ,യു.എ.ഇ -യെ നേരിടും. ദുബായ് ഇൻറർനാഷണൽ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം.

***************************

*******************

**********